എക്സൈസ് ഉദ്യോഗസ്ഥന്മാർക്കുള്ള പരിശീലന പരിപാടി

81(2333) ശ്രീ. സാജു പോൾ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. ബാബു എം.പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഉദ്യോഗസ്ഥന്മാർക്കുള്ള പരിശീലന പരിപാടി പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) ഇതിന്റെ ഫലമായി പരിശീലനം ലഭിച്ചിട്ടില്ലാത്ത എത്ര ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി എന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങളിലാണ് പരിശീലനം നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത് ;

(ഡി) എക്സൈസുകാർക്കുള്ള പരിശീലന പരിപാടികളിൽ കാലോചിതമായ മാറ്റം വരുത്തുമോ ;

(ഇ) എക്സൈസ് അക്കാഡമിയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2006 ജൂൺ 5 മുതൽ എക്സൈസ് ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലന പരിപാടി പുനരാരംഭിച്ചിട്ടുണ്ട്.

(ബി) നാളിതുവരെ 2375 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(സി) കായിക പരിശീലനത്തിനായി കേരള പോലീസ് അക്കാഡമി (തൃശ്ശൂർ), കേരള പോലീസ് ട്രെയിനിംഗ് കോളേജ് (തിരുവനന്തപുരം), സ്റ്റേറ്റ് എക്സൈസ് അക്കാഡമി ആന്റ് റിസർച്ച് സെന്റർ (തൃശ്ശൂർ) എന്നിവിടങ്ങളിൽ നിലവിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) എക്സൈസ് ജീവനക്കാർക്ക് കായിക പരിശീലനത്തിന് പുറമേ അബ്കാരി ആക്ട്, എം. ആന്റ് റ്റി.പി. എൻ.ഡി.പി.എസ്., സി.ആർ.പി.സി., കെ.എസ്.ആർ., കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട്, മനുഷ്യാവകാശ നിയമങ്ങൾ, വിവരാവകാശ നിയമം, ട്രാഫിക്ക് റൂൾസ്, കമ്പ്യൂട്ടർ നീന്തൽ, ഡ്രൈവിംഗ് എന്നിവയും പാഠ്യവിഷയങ്ങളിൽ ഉൾപ്പെടുത്തി കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്.

(ഇ) എക്സൈസ് അക്കാഡമിയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു വരികയാണ്. എക്സൈസ് ഗാർഡുമാർക്കുള്ള ആദ്യ ബാച്ചിന്റെ പരിശീലനം 2010 സെപ്റ്റംബറിൽ തുടങ്ങി പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാമത്തെ ബാച്ചിന്റെ പരിശീലനം തുടങ്ങിയിട്ടുണ്ട്. എക്സൈസ് അക്കാഡമിയുടെ കെട്ടിട നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly